# കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങൾ - വിവിധ വകുപ്പുകളിൽ അനുവർത്തിച്ചു വരുന്ന ഇലക്ട്രോണിക് സങ്കേതങ്ങളെ ഏകോപിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

**സ.ഉ.(കൈ)നം.100/2020/പൊ.ഭ.വ** **തിരുവനന്തപുരം, തീയതി, 18.05.2020**

പരാമർശം : 1. 06.05.2020 തീയതിയിലെ സ.ഉ.(സാധാ)1450/2020/പൊ.ഭ.വ നമ്പർ ഉത്തരവ്

2. 07.05.2020 തീയതിയിലെ സ.ഉ.(കൈ)91/2020/പൊ.ഭ.വ നമ്പർ ഉത്തരവ്

3. 06.05.2020 തീയതിയിലെ സ.ഉ.(സാധാ) 241/2020/നോർക്ക നമ്പർ ഉത്തരവ്

4. 09.05.2020 തീയതിയിലെ സ.ഉ.(സാധാ) 849/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

5. 10.05.2020 തീയതിയിലെ സ.ഉ.(സാധാ) 857/2020/ആ.കു.വ നമ്പർ ഉത്തരവ്

## ഉത്തരവ്

കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു മാസങ്ങളിലായി വിവിധ വകുപ്പുകളും സ്ഥാപനങ്ങളും നടത്തി വരുന്ന പ്രവർത്തനങ്ങൾക്ക് വ്യത്യസ്ത കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളാണ് ഉപയോഗിച്ചുവരുന്നത്. ആദ്യഘട്ടം മുതൽ തന്നെ ഒട്ടനവധി ആളുകളെ ഭവന ക്വാറന്റയിനിലും സ്ഥാപനതല ക്വാറന്റയിനിലും ആശുപത്രികളിലും പ്രവേശിപ്പിക്കുകയും പ്രസ്തുത വ്യക്തികളുടെ ആരോഗ്യപരിപാലന, ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്മാർട്ട്ഫോൺ ഉൾപ്പെടെയുള്ള വിവര സംവേദന സങ്കേതങ്ങൾ ഉപയോഗിച്ച് സെൽഫ് റിപ്പോർട്ടിങ് സംവിധാനം നടപ്പിലാക്കുകയും ചെയ്തുവന്നിരുന്നു. ക്വാറന്റയിനിൽ കഴിയുന്നവരുടെ ആരോഗ്യപരിപാലനം, അവശ്യസാധനങ്ങളുടെയും ഇതര സാമഗ്രികളുടെയും വിതരണം, മാനസികമായ പിന്തുണ എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ദ്രുതപ്രതികരണസേന, ജൂനിയർ പബ്ലിക് ഹെൽത്ത് ആഫീസർമാർ, ആശാവർക്കർമാർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ ഭവനസന്ദർശനം വഴി ഈ വിവര വിനിമയ സാങ്കേതിക വിദ്യാധിഷ്ഠിത സംവിധാനം സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു. രോഗബാധസാദ്ധ്യത കൂടിയവരുടെയും, രോഗവ്യാപന സാദ്ധ്യത ഒഴിവാക്കാനായി പൊതുസമ്പർക്കമുണ്ടാകാതെ പാർപ്പിച്ചിട്ടുള്ളവരുടെയും നിരീക്ഷണത്തിനും രോഗികളുടെ പ്രാഥമിക, ദ്വിതീയ സമ്പർക്കപ്പട്ടികയിൽ പെട്ടവരെ കണ്ടെത്തുന്നതിനും നിരീക്ഷണത്തിലാക്കുന്നതിനും മേൽസംവിധാനം വളരെ ഫലപ്രദമായി ഉപയോഗിക്കാനായിട്ടുണ്ട്.

(2) 29.04.2020 ലെ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ 40-3/2020-DM-1(A) ഉത്തരവ് പ്രകാരം ലോക്ഡൗണിനെ തുടർന്ന് മറ്റ് സംസ്ഥാനങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരുടെ അന്തർസംസ്ഥാന യാത്ര അനുവദിച്ചതിനെ തുടർന്ന് സംസ്ഥാനത്തിലേക്കു പുതുതായി കടന്നുവരുന്നവരെ കൃത്യമായി നിരീക്ഷിക്കുന്നതിനും ആരോഗ്യ പരിശോധനകൾ, ക്വാറന്റയിൻ എന്നിവ ഉറപ്പാക്കുന്നതിനും ആവശ്യമായ വിവരസമാഹരണത്തിന്റെ ഭാഗമായി പ്രവേശന പാസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇതിനായി സംസ്ഥാനത്തേക്കു മടങ്ങുവാൻ താല്പര്യമുള്ളവരുടെ പേരും മേൽവിലാസവും തദ്ദേശസ്വയംഭരണ സ്ഥാപനവും ജില്ലയും അടക്കമുള്ള വിശദാംശങ്ങൾ നോർക്കയുടെ പോർട്ടൽ വഴി ശേഖരിച്ചു. തുടക്കത്തിൽ NIC തയ്യാറാക്കിയ "കോവിഡ് 19 ജാഗ്രത" എന്ന ആപ്ലിക്കേഷൻ മുഖാന്തിരം, അടിയന്തിര ആവശ്യമുള്ളവർക്ക് (ഗർഭിണികൾ, ചികിൽസാ ആവശ്യമുള്ളവർ, മരണാനന്തര ചടങ്ങുകൾക്കായി എത്തേണ്ടവർ

എന്നിങ്ങനെയുള്ളവ) അന്തർജില്ലാ യാത്രകൾ നടത്തുന്നതിന് ജില്ലാ കളക്ടർമാർ അടിയന്തിര പാസ്സുകൾ നൽകിയിരുന്നു. തുടർന്ന് പ്രസ്തുത ആപ്ലിക്കേഷനെ തദ്ദേശസ്വയംഭരണ സ്ഥാപനതലം വരെയുള്ള വിവര ശേഖരണം സാദ്ധ്യമാക്കുന്ന രീതിയിൽ പരിഷ്കരിക്കുകയും നോർക്ക ശേഖരിച്ച വിവരങ്ങൾകൂടി NIC തയ്യാറാക്കിയ പോർട്ടിലിലേക്ക് മൈഗ്രേറ്റ് ചെയ്യുകയും ചെയ്തു. അതിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവർ കേരളത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് തന്നെ അവർക്ക് ഭവന ക്വാറന്റൈൻ സൗകര്യമുണ്ടോയെന്ന് പരിശോധിക്കുകയും ആവശ്യമെങ്കിൽ മറ്റു ക്വാറന്റൈൻ സൗകര്യമൊരുക്കുന്നതിന് നടപടിയെടുക്കുകയും അതിനനുസരിച്ച് മാത്രം അപേക്ഷകർക്ക് പ്രവേശന പാസ് നൽകുകയും ചെയ്യുന്നതും അതേ ആപ്ലിക്കേഷൻ വഴി നടപ്പിലാക്കാനായി. സെൽഫ് റിപ്പോർട്ടിങ് അടിസ്ഥാനമാക്കിയ ഒരു വിവര സംവേദന സംവിധാനം സംസ്ഥാനത്ത് ഇതിനകം തന്നെ ഫലപ്രദമായി ഉപയോഗിച്ചു വരുന്നതിനാൽ "കോവിഡ് 19 ജാഗ്രത" ആപ്ലിക്കേഷൻ മുഖേന ശേഖരിക്കുന്ന വിവരങ്ങൾ നേരത്തെ ഉപയോഗിച്ചുവരുന്ന ഇലക്ട്രോണിക് സങ്കേതത്തിലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിനായി ഒരു API സംവിധാനം ഒരുക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം NIC യെ ചുമതലപ്പെടുത്തി. പ്രസ്തുത API തയ്യാറാകുന്നതു വരെ "കോവിഡ്-19 ജാഗ്രത" ആപ്ലിക്കേഷൻവഴി തന്നെ സംസ്ഥാനത്തേക്ക് പുതുതായി പ്രവേശിച്ചവരുടെ ആരോഗ്യപരിപാലനം, ക്വാറന്റയിൻ പ്രവർത്തനങ്ങൾ മുതലായവ നടത്തുവാൻ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 05.05.2020 ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം മറ്റ് രാജ്യങ്ങളിൽ നിന്നുള്ള മലയാളികളെയും കേരളത്തിലേക്ക് തിരിച്ചെത്തിക്കാൻ തീരുമാനിക്കുകയും അവരുടെ പ്രവേശനം, നിരീക്ഷണം എന്നിവയ്ക്കും പ്രസ്തുത സംവിധാനം തുടരുവാൻ തീരുമാനിക്കുകയും ചെയ്തു.

(3) മുകളിൽ വിവരിച്ച സാഹചര്യം പരിഗണിച്ചും, NIC തയ്യാറാക്കിയ കോവിഡ് 19 ജാഗ്രതയിൽ നിന്നും താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾക്കായി ഇതിനകം ഉപയോഗിച്ചുവരുന്ന C-DIT തയ്യാറാക്കിയ സംവിധാനത്തിലേക്ക് വിവരം കൈമാറുന്നതിനായുള്ള API നിലവിൽവന്നതിനെത്തുടർന്നും പ്രസ്തുത സംവിധാനങ്ങൾ തമ്മിൽ വിവരകൈമാറ്റം സുഗമമായതിനാലും, സംസ്ഥാനത്ത് കോവിഡ് 19 നിർവ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഉപയോഗത്തിലുള്ള വിവിധ ഇലക്ട്രോണിക് സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1. പരാമർശം (3) ആയി നോർക്ക വകുപ്പു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം കോവിഡ് രോഗവ്യാപന നിയന്ത്രണത്തിനായി, വിദേശത്തു നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കു മടങ്ങിയെത്തുന്ന എല്ലാ പ്രവാസികളും പാലിക്കേണ്ടതായ ക്വാറന്റൈൻ സംവിധാനങ്ങളുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജ്യർ (SOP) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിനു തുടർച്ചയായി ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളും പ്രവർത്തനങ്ങളും നിശ്ചയിച്ച് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവായിട്ടുണ്ട്. മടങ്ങിയെത്തുന്ന പ്രവാസികളിൽ വീടുകളിലെ ക്വാറന്റൈനിൽ (Home quarantine) പാർപ്പിക്കപ്പെടുന്നവരുടെ പരിശോധനാ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദമായ ഉത്തരവ് പരാമർശം (5) പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ മൂന്ന് ഉത്തരവുകളുടേയും തുടർച്ചയായി വീടുകളിലെ ക്വാറന്റൈനിൽ പാർപ്പിക്കപ്പെടുന്നവരുടെ പ്രതിദിന നിരീക്ഷണത്തിനുള്ള ഓൺലൈൻസംവിധാനം നിർബന്ധിതമാക്കി ഉത്തരവാകുന്നു. ഇതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്ന വിധമായിരിക്കും.

2. കേരളത്തിനു പുറമെ നിന്നും (വിദേശത്തു നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും) മടങ്ങിയെത്തിയ എല്ലാവരും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ക്വാറന്റൈൻകാലയളവ് പൂർണ്ണമായും നിർദ്ദിഷ്ടമായ രീതിയിൽ തന്നെ പൂർത്തിയാക്കണം. ഇതു നോർക്ക വഴിയും കോവിഡ് ജാഗ്രത ആപ്പ് വഴിയും രജിസ്റ്റർ ചെയ്ത് എത്തിയവർക്കു മാത്രമല്ല, മുൻരജിസ്റ്ററേഷൻഇല്ലാതെ കേരളത്തിലേക്ക് എത്തിയവർക്കും ബാധകമാണ്.

3. വീടുകളിലെ ക്വാറന്റൈനിൽ പാർപ്പിക്കപ്പെടുന്നവരുടെ ആരോഗ്യനിലയും സുരക്ഷയും പ്രതിദിനം നിരീക്ഷിക്കപ്പെടേണ്ടതായുണ്ട്. ഭവന ക്വാറന്റൈനിൽ കഴിയുന്നവർ ഓരോ ദിവസവും അവരുടെ ആരോഗ്യനില ഓൺലൈനായി, സ്വയം റിപ്പോർട്ട് ചെയ്യുന്നതിലൂടെ ഇത് എളുപ്പമാക്കാനും കൂടുതൽ കൃത്യതയുണ്ടാക്കാനും കഴിയും. ഇക്കാര്യത്തിൽ ഭവന ക്വാറന്റൈനിൽ കഴിയുന്നവരുടെ പൂർണ്ണമായ സഹകരണം ഉണ്ടാകണം. വീടുകളിൽ ഐസൊലേഷനിലും നിരീക്ഷണത്തിലും കഴിയുന്നവർക്ക് ഏതു സമയത്തും ആവശ്യമായി വരാവുന്ന ഭക്ഷണവും മരുന്നും സുരക്ഷയും ഉൾപ്പെടെയുള്ള സഹായങ്ങൾ

ലഭ്യമാക്കുന്നതിനും അവർ വഴി രോഗവ്യാപനമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും ഈ സ്വയം റിപ്പോർട്ടിങ്ങ് പ്രധാനമാണ്. ഇത് സംസ്ഥാനത്തേക്ക് മടങ്ങിയെത്തിയ ഓരോരുത്തരും അവരവർക്ക സമൂഹത്തോടുള്ള ഉത്തരവാദിത്തമായി കാണണം.

4. ഭവന ക്വാറന്റൈനിൽ കഴിയുന്നവർക്ക് തങ്ങളുടെ മൊബൈലിൽ നിന്നോ കമ്പ്യൂട്ടറിൽ നിന്നോ സ്വയം വിവര റിപ്പോർട്ടിങ് ചെയ്യാനുതകുന്ന ഓൺലൈൻസംവിധാനം സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. നോർക്ക വഴിയും കോവിഡ് ജാഗ്രത ആപ്പ് വഴിയും രജിസ്റ്റർ ചെയ്ത് എത്തിയവരുടെ പ്രാഥമിക വിവരങ്ങൾ അതിലുണ്ടാകുമെന്നതിനാൽ ദൈനം ദിന വിവരങ്ങൾ മാത്രമേ അവർ പുതുതായി നൽകേണ്ടി വരികയുള്ളൂ. എന്നാൽ മുൻ രജിസ്ട്രേഷനില്ലാതെ വന്നവർ ആദ്യദിവസം ഒറ്റത്തവണയായി അവരുടെ പ്രാഥമിക വിവരങ്ങൾ കൂടി രേഖപ്പെടുത്തേണ്ടി വരുന്നതാണ്. സ്വയം വിവര റിപ്പോർട്ടിങ് ഫോം http://citizencenter.kerala.gov.in/ എന്ന ലിങ്കിൽ ലഭ്യമാണ്. സ്വയം വിവര റിപ്പോർട്ടിങിനായി പോർട്ടലിൽ നോർക്ക/ കോവിഡ് ജാഗ്രത രജിസ്ട്രേഷൻ സമയത്ത് നൽകിയ മൊബൈൽ നമ്പർ തന്നെ ഉപയോഗിക്കേണ്ടതാണ്. മൊബൈൽ നമ്പറിൽ ലഭിക്കുന്ന ഒറ്റത്തവണ പാസ്‌വേഡിന് (OTP) അനുസൃതമായാണ് ലോഗിൻചെയ്യേണ്ടത്. ദൈനംദിന റിപ്പോർട്ടിങ്ങും ഇതേ രീതിയിൽ തന്നെയാണ് നിർവ്വഹിക്കേണ്ടത്.

5. ഭവന ക്വാറന്റൈനിൽ കഴിയുന്നവരിൽ ദൈനം ദിന ആരോഗ്യ വിവരങ്ങളും ലക്ഷണങ്ങളും സ്വയം റിപ്പോർട്ട് ചെയ്യാൻ സാധിക്കാതെ ഉള്ളവരുടെ കാര്യത്തിൽ, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകർ നിത്യേന ഭവന സന്ദർശനം നടത്തുകയും, അവരുടെ അതാത് ദിവസത്തെ ആരോഗ്യ വിവരങ്ങൾ, കോവിഡ് ലക്ഷണങ്ങളുടെ വിവരങ്ങൾ എന്നിവ ശേഖരിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി housevisit.kerala.gov.in എന്ന സൈറ്റ് ആണ് വിവര ശേഖരണം നടത്തുന്നവർ ഉപയോഗിക്കേണ്ടത്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഈ ആവശ്യത്തിനായി പ്രസ്തുത ലിങ്കിൽ ലോഗിൻ ചെയ്യേണ്ടതാണ്.

6. വീടുകളിലെ ക്വാറന്റൈനിൽ കഴിയുന്നവർ ഓരോ ദിവസവും മേൽപറഞ്ഞ രീതിയിൽ നൽകുന്ന വിവരങ്ങൾ തൽസമയം തന്നെ തദ്ദേശസ്വയംഭരണ വകുപ്പിലേയും ആരോഗ്യ കുടുബക്ഷേമ വകുപ്പിലേയും ഉദ്യോഗസ്ഥർക്കും ജില്ലാ ഭരണാധികാരികൾക്കും പ്രത്യേകം രൂപകൽപന ചെയ്ത ഡാഷ്ബോർഡ് മുഖാന്തിരം റിപ്പോർട്ടുകളായി ലഭ്യമാകും. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ https://cc.dashboard.kerala.gov.in/ എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടുകൾ ഡാഷ്ബോർഡിൽ നിന്ന് പിഡിഎഫ് രൂപത്തിൽ ഡൗൺലോഡ് ചെയ്തോ പ്രിന്റ് ചെയ്തോ എടുത്ത് ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ ലഭ്യമാക്കുന്ന വിവരങ്ങൾക്കനുസരിച്ച് ക്വാറന്റയിനിൽ കഴിയുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ താമസം കൂടാതെ ലഭ്യമാക്കേണ്ടതാണ്.

7. നിരീക്ഷണകാലം നിർദ്ദിഷ്ടമായ രീതിയിൽതന്നെ ഉത്തരവാദിത്തത്തോടെ പൂർത്തിയാക്കുന്നതും, പ്രസ്തുത കാലയളവിൽ എല്ലാ ദിവസവും വിവരങ്ങൾ നിർദ്ദിഷ്ട രൂപത്തിൽ റിപ്പോർട്ട് ചെയ്യുന്നതും ഭവന ക്വാറന്റയിനിൽ ഉള്ള എല്ലാ വ്യക്തികളുടേയും ചുമതലയായിരിക്കും. അതുപോലെതന്നെ വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ പ്രതിദിന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി അവർക്ക് ആവശ്യമായ സഹായം കാലവിളംബമില്ലാതെ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർബന്ധിത ഉത്തരവാദിത്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ടോം ജോസ്**
**ചീഫ് സെക്രട്ടറി**

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്
സെക്രട്ടറി. കേരള നിയമസഭ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള രാജ്ഭവൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാപോലീസ് മേധാവികൾക്കും വകുപ്പ് തലവന്മാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് :

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ